പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :50 8/2/2016-ൽ മറുപടിക്ക്

എസ്.ഐ/എക്സൈസ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം

ചോദ്യം
ശ്രീ.ജി.എസ്ജയലാൽ

മറുപടി
ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | പോലീസ് സേനയിൽ വാർഷിക നിയമനവുമായി ബന്ധപ്പെട്ട് കേരള പി.എസ്.സി 26.05.2015-ൽ പ്രസിദ്ധീകരിച്ച എസ്.ഐ. (കെ.സി.പി) എസ്.ഐ (ആംഡ് പോലീസ് ബറ്റാലിയൻ) റാങ്ക് ലിസ്റ്റുകളിൽ നിന്നും റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് 7 മാസമായിട്ടും ഒരു നിയമനം പോലും നടത്തുവാൻ പറ്റാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നിയമനം നടത്തുന്നതിലേയ്ക്കായി നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ; | (എ) | എസ്.ഐ. (കെ.സി.പി) യുടെ റാങ്ക് ലിസ്റ്റ് 26.05.2015-ലാണ് പ്രസിദ്ധീകരിച്ചത്. എന്നാൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ആരെയും നാളിതുവരെ പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടില്ല. ഇതുവരെയുള്ള എല്ലാ അഡ്വൈസും എസ്.ഐ (ജി.ഇ) റാങ്ക് ലിസ്റ്റിൽ നിന്നുമാണ് നടത്തിയിട്ടുള്ളത്. പി.എസ്.സി ഒരു ഭരണഘടനാ സ്ഥാപനമായതിനാൽ ടി കാര്യത്തിൽ പോലീസ് വകുപ്പിന് മാത്രമായി നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല. വിവിധ കോടതി ഉത്തരവുകൾ പ്രകാരം എസ്.ഐ.മാരുടെ ഒഴിവുകൾ അധികമായിട്ടാണ് (Excess vacancy) റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ടി ഒഴിവുകളിൽ എല്ലാം തന്നെ പി.എസ്.സി. അഡ്വൈസ് നൽകിയിട്ടുണ്ട്. അധിക ഒഴിവുകളിലെ നിയമനം സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു.<br>ആംഡ് പോലീസ് ബറ്റാലിയനിലെ എ.പി.എസ്.ഐ. (നേരിട്ടുള്ള നിയമനം) മാരുടെ എൻ.ജെ.ഡി. ഒഴിവുകൾ ഉൾപ്പെടെയുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | 26.05.2015-ന്- നിലവിൽ വന്ന എക്സൈസ് ഇൻസ്പെക്ടർ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും ഏഴുമാസ കാലാവധിക്കുള്ളിൽ ഏഴ് നിയമനങ്ങൾ മാത്രമാണ് നടന്നിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ നിയമനങ്ങൾ തുടർന്നും നടത്തുവാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ? | (ബി) | 26.05.2015-ന് നിലവിൽ വന്ന എക്സൈസ് ഇൻസ്പെക്ടർമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും 7 ഉദ്യോഗാർത്ഥികൾക്ക മാത്രമേ നിയമനം നൽകിയിട്ടുള്ളു. കേരള സ്റ്റേറ്റ് എക്സൈസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരം എക്സൈസ് വകുപ്പിലെ എക്സൈസ് ഇൻസ്പെക്ടർ തസ്തിക 1:1 അനുപാതത്തിൽ പ്രമോഷൻ വഴിയും, നേരിട്ടുള്ള നിയമനം വഴിയുമാണ് നികത്തേണ്ടത്. നിലവിൽ മേൽ ആനുപാതം 7 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് പൂരിതമായിരിക്കുകയാണ്. നേരിട്ട് നിയമനം ലഭിച്ച എക്സൈസ് ഇൻസ്പെക്ടർമാരിൽ നിന്നും മരണം/വിരമിക്കൽ എന്നിവയിലൂടെ ഉണ്ടാകുന്ന ഒഴിവുകളും, പുതിയ തസ്തിക സൃഷ്ടിക്കുന്നതിലൂടെ ഉണ്ടാകുന്ന ഒഴിവുകളും മാത്രമേ ഇനി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുവാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ